# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2560 — 27/01/2014-ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ മരുന്ന് സംഭരണവും വിതരണവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" സണ്ണി ജോസഫ്<br>" പി. സി. വിഷ്ണുനാഥ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
| --- | --- | --- | --- |
| (എ) | സർക്കാർ ആശുപത്രികളിൽ മരുന്ന് സംഭരണം, വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ; | (എ) | സർക്കാർ ആശുപത്രികളിൽ മരുന്നു വിതരണം യഥാസമയം നടത്തുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള ഡോക്ടർമാരുടെ അഭിപ്രായം ആരാഞ്ഞ് ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും ഡയറക്ടർമാർ, ഡ്രഗ്സ് കൺട്രോളർ, ഫാർമസ്യൂട്ടിക്കൽസ് സയൻസ് കോളേജിന്റെ മേധാവി തുടങ്ങിയവർ ഉൾപ്പെട്ട കമ്മിറ്റി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ മരുന്നുകളുടെ പട്ടിക പരിഷ്ക്കരിച്ചു. അതനുസരിച്ചുള്ള മരുന്നുകൾ വാങ്ങി സംഭരിച്ച് യഥാസമയം ആശുപത്രികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗത്ത് ചെയ്തു വരുന്നു.<br>2014-15 സാമ്പത്തിക വർഷത്തെ ടെണ്ട ർ നടപടികളിലൂടെ മരുന്നുകൾ കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ എത്തിച്ചേരുന്നതു വരെ ആവശ്യമായ മരുന്നുകൾ കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. സ്റ്റോക്കു കുറവുള്ള മരുന്നുകൾ ആവശ്യമായ അളവിൽ സംഭരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി വകുപ്പിൽ സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | സർക്കാർ ആശുപത്രികളിലേയ്ക്ക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചതു മുതൽ സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2933 — 28/01/2014 ൽ മറുപടിയ്ക്ക്

## വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് പരിശീലനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പി. ഐഷാപോറ്റി : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം സ്കൂളുകളിലാണ് സാങ്കേതിക സൗകര്യങ്ങളും കെട്ടിടങ്ങളും ഒരുക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | പൊതു വിദ്യാഭ്യാസ വകുപ്പിൽ കേന്ദ്രാവിഷ്കൃത IEDSS പദ്ധതിയിൻകീഴിൽ കൊല്ലം ജില്ലയിലെ വിഭിന്നശേഷിയുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി വിവിധ ഇനങ്ങൾക്കായി തെരഞ്ഞെടുത്ത സ്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ ; | (ബി) | GHSS പള്ളിമൺ, GBHS & VHSS കൊട്ടാരക്കര എന്നീ വിദ്യാലയങ്ങളിൽ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. GHS യേരൂർ -ൽ റിസോഴ്സ് സെന്റർ നിർമ്മാണം നടന്നുവരുന്നു. GHS ചവറ -ൽ റിസോഴ്സ് സെന്റർ നിർമ്മാണം ആരംഭിച്ചിട്ടില്ല. റിസോഴ്സ് റൂമുകളിൽ ചിതറ ഹൈസ്കൂളിൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. തേവന്നൂർ ഹൈസ്കൂളിൽ നിർമ്മാണം പൂർത്തിയായിവരുന്നു. മറ്റെല്ലാ സ്കൂളുകളിലും റിസോഴ്സ് റൂം നിർമ്മാണം പൂർത്തിയായി നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു.<br>റാംപ്, ഹാൻഡ് റയിൽ, അഡാപ്റ്റീവ് ടോയ്‌ലറ്റ് എന്നിവ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകളിൽ ചിതറ ഗവഃ ഹൈസ്കൂൾ ഒഴികെ മറ്റെല്ലാ വിദ്യാലയങ്ങളിലും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റ് ഇനങ്ങളിൽ അനുവദിച്ച തുക ഉപയോഗിച്ച് പഠനോപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ? | (സി) | PTA യോഗം വിളിക്കുകയും സമയബന്ധിതമായി നിർമ്മാണ പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഹെഡ് മാസ്റ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ DEO/DDE/DPI എന്നിവരുടെ നേതൃത്വത്തിൽ നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | | |
|---|---|---|
| റിസോഴ്സ് സെന്ററുകൾ | 1 | ഗവ: BHS & VHSS കൊട്ടാരക്കര |
| | 2 | GHSS പള്ളിമൺ |
| | 3 | GBHSS ചവറ |
| | 4 | GHS യേശുർ, കൊല്ലം |
| റിസോഴ്സ് റൂമുകൾ | 1 | GVHSS മുട്ടറ |
| | 2 | ദേവിവിലാസം NSS HSS പൂവാറ്റൂർ |
| | 3 | KNNMHSS പവിത്രേശ്വരം |
| | 4 | TEMVHSS മൈലോട് |
| | 5 | TKDM GHSS ഉളിയകോയിൽ |
| | 6 | CVKM HSS ഈസ്റ്റ് കല്ലട |
| | 7 | GHSS വയല |
| | 8 | GHSS പുത്തൂർ |
| | 9 | GHSS കമ്മിൾ |
| | 10 | IGM VHSS മഞ്ഞക്കാല |
| | 11 | GHSS തേവന്നൂർ |
| | 12 | GHSS അഞ്ചൽ വെസ്റ്റ് |
| | 13 | GHSS ചിതറ |
| ഓഡിയോ-വിഷ്വൽ പഠനോപകരണങ്ങൾ | 1 | ദേവിവിലാസം NSS HSS പൂവാറ്റൂർ |
| | 2 | GVHSS കൊറ്റംകളങ്ങര |
| | 3 | TEMVHSS മൈലോട് |
| | 4 | TKDM GHSS ഉളിയകോവിൽ |
| | 5 | ഗവ: BHS & VHSS കൊട്ടാരക്കര |
| | 6 | GHSS പുത്തൂർ |
| ICT റിസോഴ്സ് (കമ്പ്യൂട്ടർ) | 1 | GVHSS കൊറ്റംകളങ്ങര |
| | 2 | TKDM GHSS ഉളിയകോവിൽ |
| | 3 | TEMVHSS മൈലോട് |
| റാംപ്, ഹാൻഡ് റയിൽ, അഡാപ്റ്റീവ് ടോയ്‌ലറ്റ് | 1 | GVHSS വള്ളിക്കീഴ് |
| | 2 | GHSS പുത്തൂർ |
| | 3 | GHSS പള്ളിമൺ |
| | 4 | സർദാർ വല്ലഭായ് പട്ടേൽ മെമ്മോറിയൽ HS പനയനാർക്കാവ് |
| | 5 | GHSS ചവറ |
| | 6 | ഗവ: മോഡൽ BHS തേവള്ളി |
| | 7 | ഗവ: BHS & VHSS കൊട്ടാരക്കര |
| | 8 | GHSS തേവന്നൂർ |
| | 9 | GHSS ചിതറ |
| | 10 | RVVHSS വാളകം |
| | 11 | GVHSS മുട്ടറ |

Brinkah
Section Officer